പത്രക്കുറിപ്പ്

# കുപ്രസിദ്ധ ഗുണ്ടാ നേതാവ് ആറാം തവണ ഗുണ്ടാ നിയമപ്രകാരം അറസ്റ്റിൽ

## കോവിഡ്-19

## വിലക്ക് ലംഘനം: 50 പേർക്കെതിരെ നിയമനടപടി 19,500/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം: നിരവധി ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ട കുപ്രസിദ്ധ ഗുണ്ടയെ ആറാം തവണയും ഗുണ്ടാ നിയമ പ്രകാരം അറസ്റ്റ് ചെയ്തതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. മേലാംകോട് പൊന്നുമംഗലം പുത്തൻ വീട്ടിൽ മേലാംകോട് കിരൺ എന്ന് വിളിക്കുന്ന കിരൺ (39) നെ യാണ് നേമം പോലീസ് അറസ്റ്റ് ചെയ്തത്. അഞ്ചു തവണ ഗുണ്ടാ നിയമ പ്രകാരം കരുതൽ തടങ്കലിൽ കഴിഞ്ഞിട്ടുള്ള ഇയാൾ പുറത്തിറങ്ങിയശേഷം വീണ്ടും ക്രിമിനൽ പ്രവർത്തനങ്ങളിലൂടെ വിവിധ കേസ്സുകളിൽ പ്രതിയായതിനെത്തുടർന്ന് ഡെപ്യൂട്ടി കമ്മീഷണർ ഡോ.ദിവ്യ.വി.ഗോപിനാഥ് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടർ ഇയാളെ



നേമം പോലീസ് അറസ്റ്റ് ചെയ്ത കുപ്രസിദ്ധ ഗുണ്ട മേലാംകോട് കിരൺ (39)

*"കാപ്പാ നിയമ പ്രകാരം"* ഒരു വർഷ കാലത്തേക്ക് കരുതൽ തടങ്കലിൽ പാർപ്പിക്കാൻ ഉത്തരവ് പുറപ്പെടുവിക്കുകയായിരുന്നു. ഇയാൾക്കെതിരെ പൂജപ്പുര പോലീസ് സ്റ്റേഷനിൽ രണ്ടു വധശ്രമ കേസുകളും, കരമന സ്റ്റേഷനിൽ വീടാക്രമിച്ച കവർച്ച നടത്തിയതും ഗുണ്ടാ ആക്രമണം നടത്തിയതിനുമായി രണ്ടു കേസുകളും നേമം പോലീസ് സ്റ്റേഷനിൽ വധശ്രമം ഗുണ്ടാ ആക്രമണം, പിടിച്ചുപറി, കഞ്ചാവ് വിൽപ്പന എന്നിവയ്ക്ക് ഏഴു കേസുകളും, അമരവിള എക്സൈസ് സ്റ്റേഷനിൽ ഒരു കഞ്ചാവ് കടത്ത് കേസും ഉൾപ്പെടെ തിരുവനന്തപുരം ജില്ലയിലെ വിവിധ സ്റ്റേഷനുകളിൽ 40 ഓളം കേസ്സുകൾ നിലവിലുണ്ട്. കഴിഞ്ഞ ഒക്ടോബർ 3 ന് കാരക്കാമണ്ഡപം സ്വദേശി സുരേഷിനെ വെട്ടികൊലപ്പെടുത്താൻ ശ്രമിക്കുകയും അയാളുടെ മൊബൈൽ ഫോൺ കവർച്ച ചെയ്തെടുക്കുകയും ചെയ്ത ശേഷം ഒളിവിൽ കഴിഞ്ഞു വരികയായിരുന്ന ഇയാളെക്കുറിച്ച് സിറ്റി പോലീസ് കമ്മീഷണർക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഫോർട്ട് എ.സി.പി പ്രതാപൻ നായരുടെ നേതൃത്വത്തിൽ നേമം എസ്.എച്ച്.ഒ അനൂപ് കൃഷ്ണ , എസ്.ഐ ദീപു, സി.പി.ഒ മാരായ ഗിരി, ബിമൽ മിത്രു, ഷാഡോ ടീം എസ്.ഐ അരുൺ, എ.എസ്.ഐ സാബു, എസ്.സി.പി.ഒ വിനോദ് എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (23.11.2020) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 50 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 9 പേർക്കെതിരെ എപ്പിഡെമിക്

ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 35 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 4 പേരിൽ നിന്നുമായി 19,500/- രൂപ പിഴ ഈടാക്കി. കൂടാതെ കോവിഡ് മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 2 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി

23-11-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി.